

# അയൽപക്കവും അകലെയാണ്



ഹബീസി



**ഫ്ളാറ്റിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിപ്പോകുന്ന കുട്ടികളുടെ ജീവിതം എന്നെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. എല്ലാം ഇട്ടെറിഞ്ഞ് തിരിച്ചുപോവാൻ പലവുരു ചിന്തിച്ചതാണ്. പക്ഷെ, തേനൂറുന്ന മണവും ഗുണവുമുള്ള ചക്കച്ചുള തേടിയെത്തിയ ഈച്ചയുടെ അവസ്ഥയിലാണല്ലോ മിക്ക പ്രവാസികളും..!**

പ്രവാസ ജീവിതത്തിന്റെ ആദ്യകാലത്ത് എന്നെ ഏറ്റവും കൂടുതൽ അലട്ടിയ പ്രശ്നം കുട്ടികൾക്ക് നഷ്ടപ്പെടുന്ന അവരുടെ ബാല്യകാല സന്തോഷങ്ങളായിരുന്നു. ഫ്ളാറ്റിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിപ്പോകുന്ന കുട്ടികളുടെ ജീവിതം എന്നെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. എല്ലാം ഇട്ടെറിഞ്ഞ് തിരിച്ചുപോവാൻ പലവുരു ചിന്തിച്ചതാണ്. പക്ഷെ, തേനൂറുന്ന മണവും ഗുണവുമുള്ള ചക്കച്ചുള തേടിയെത്തിയ ഈച്ചയുടെ അവസ്ഥയിലാണല്ലോ മിക്ക പ്രവാസികളും..!

വിശാലമായ കളിമുറ്റവും പച്ചപ്പുനിറഞ്ഞ പറമ്പും സ്നേഹസമ്പന്നരായ അയൽക്കാരുമെല്ലാമുള്ള നല്ലൊരു നാട്ടിൻപുറത്ത് നിന്ന് ഗൾഫിലെത്തിയതിന്റെ പൊരുത്തക്കേട് ഞാനും കുടുംബവും ഒരു പാട് കാലം അനുഭവിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ കുറേയെങ്കിലും ഒഴിവാക്കാൻ നല്ല അയൽപക്കക്കാരെ തേടുകയായിരുന്നു ഭാര്യ ആദ്യകാലങ്ങളിൽ.

പക്ഷെ അവളുടെ ആഗ്രഹത്തിനനുസരിച്ച് ആരെയും കണ്ടെത്താനായില്ല. ഞങ്ങളുടെ ഫ്ളാറ്റിന്റെ തൊട്ടു മുന്നിൽ ഒരു ശ്രീലങ്കൻ കുടുംബമായിരുന്നു താമസിച്ചിരുന്നത്. അവരുടെ ഫ്ളാറ്റിന്റെ വാതിൽ തുറന്നു കാണുന്നത് വളരെ അപൂർവമായിരുന്നു. തൊട്ടടുത്ത ഫ്ളാറ്റിലെ മിസ്രിയും കുടുംബവും ഒന്നു നോക്കി ചിരിക്കുകപോലും ചെയ്യാതെയാണ് കടന്നു പോവാറുള്ളത്.

പിന്നീട് ഒറ്റപ്പെടലിന്റെ വേവലാതിയെക്കുറിച്ച് പരാതി പറഞ്ഞ ഭാര്യയെ ഞാൻ ഓർമപ്പെടുത്തി. 'ഇത് ഫ്ളാറ്റാണ്, ഇവിടെ അയൽക്കാരില്ല. അന്യർ മാത്രമേയുള്ളൂ'.

ഭാര്യ ഈ സത്യം ഉൾക്കൊള്ളാൻ തയ്യാറായെങ്കിലും മക്കൾ കീഴടങ്ങിയില്ല. അവർ കളിക്കൂട്ടുകാരെ അന്വേഷിച്ചുകൊണ്ടേയിരുന്നു. അവസാനം ഒരു ഹൈദരാബാദി കുടുംബത്തിലെ രണ്ടു കുട്ടികളെ അവർ കണ്ടെത്തി. മിടുക്കരായ ആ കുട്ടികളോടൊപ്പം വൈകുന്നേരങ്ങൾ സമ്പന്നമാക്കാൻ 'കുട്ടിപ്പടക്ക്' കുറെയെല്ലാം കഴിഞ്ഞു. ഭർത്താവുമായി വേർപിരിഞ്ഞു കഴിയുന്ന ഈ ഹൈദരാബാദി സ്ത്രീയുടെ ദുരിതത്തെ കുറിച്ച് ഭാര്യ പിന്നീടൊരിക്കൽ എന്നോട് വിശദമായി പറഞ്ഞു. അവർ മക്കളെ പോറ്റാൻ ശരിക്കും കഷ്ടപ്പെടുകയാണെന്നും മറ്റും മറ്റും...

പിതാവിന്റെ സ്നേഹവും സംരക്ഷണവും ലഭിക്കാത്ത ആ കുട്ടികളോട് എനിക്ക് കൂടുതൽ വത്സല്യം തോന്നി. അവരെ സ്നേഹത്തോടെ സ്വീകരിക്കാൻ ഞാനെന്റെ മക്കളെ പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു.

അങ്ങനെ മാസങ്ങൾ കടന്നുപോയി. അവധിക്കാലത്തിന്റെ മധുരവുമായി ജൂലയ് മാസമെത്താൻ പോവുന്നു. ഗൾഫുകാരനായ ശേഷം നാട്ടിലേക്കുള്ള കന്നിയാത്രയ്ക്ക് തയ്യാറെടുക്കുകയായിരുന്നു ഞാൻ. നാട്ടിൽ ഉപേക്ഷിച്ചു പോന്ന പലതും തിരിച്ചു പിടിക്കാനുള്ള അതിയായ കൊതിയോടെ ദിവസങ്ങളെണ്ണിയുള്ള കാത്തിരിപ്പ്. അതിനിടക്ക് ഒരു ദിവസം ഭാര്യ പറഞ്ഞു. 'ഹൈദരാബാദിയുടെ കുട്ടികൾക്ക് ചിക്കൻ പോക്സാണ്, അവർ ഇന്നലെ കളിക്കാൻ വരാതിരുന്നത് അതുകൊണ്ടായിരുന്നു പോലും'

എന്റെ ഉള്ളിന്റെ ഉള്ളൊന്ന് പിടഞ്ഞു. ഹൈദരാബാദിയുടെ മക്കളെ ഓർത്തുള്ള വേവലാതി കൊണ്ടായിരുന്നില്ല അത്, രോഗം എന്റെ കുട്ടികളിലേക്ക് പകർന്ന് കിട്ടിയാലുള്ള ഗതികേടോർത്തായിരുന്നു. കുട്ടികൾക്ക് ചിക്കൻപോക്സ് വന്ന് യാത്ര മുടങ്ങുന്ന കാര്യം എനിക്ക് ചിന്തിക്കാനേ പറ്റിയില്ല. എന്റെ ടെൻഷൻ മണത്തറിഞ്ഞ ഭാര്യ പരിഹാരം നിർദേശിച്ചു. അവരുടെ അസുഖം മാറുന്നത് വരെ കുട്ടികളെ കളിക്കാൻ വിടേണ്ട...

ആദ്യം ഇതംഗീകരിക്കാൻ മക്കൾ തയ്യാറായില്ല. എന്നാൽ നാട്ടിൽ പോവാൻ കഴിയാതെ വരുന്ന അവസ്ഥയെ കുറിച്ച് പറഞ്ഞ് ഒരു കണക്കിന് അവരെയും 'വഴിക്ക് കൊണ്ടു വന്നു'. എന്നിട്ടും മക്കൾ ഇടക്കിടെ സംശയം ചോദിച്ചുകൊണ്ടിരുന്നു. കളിക്കാതിരുന്നാൽ പോരെ, സംസാരിക്കുന്നത് കൊണ്ട് കുഴപ്പമുണ്ടോ, തൊടുമ്പോഴല്ലെ രോഗം പകരുക എന്നൊക്കെ..

ഇതിനൊക്കെ മറുപടി പറഞ്ഞു പറയാതെയും കണ്ണുരുട്ടിക്കാണിച്ചും പേടിപ്പിച്ചുമൊക്കെ രണ്ടു മൂന്നു ദിവസം കടന്നു പോയി. ഒരു ദിവസം വൈകുന്നേരം ഞങ്ങൾ ചായ കുടിച്ചുകൊണ്ടിരിക്കെ നീട്ടിയുള്ള ബെല്ലടിയും വാതിലിൽ ശക്തമായ മുട്ടും കേട്ടു. ഹൈദരാബാദി കുട്ടികളാണ് ഇങ്ങനെ ചെയ്യാറ്. ആരും ശബ്ദിക്കരുതെന്ന് ഞാൻ ചുണ്ടിൽ വിരൽവെച്ച് കുട്ടികളെ ഓർമിപ്പിച്ചു. കുട്ടികൾ പലയാവർത്തി ബെല്ലടിച്ചെങ്കിലും ഞങ്ങളാരും അനങ്ങിയില്ല. അവസാനം നിരാശരായി അവർ മടങ്ങിപ്പോവുന്നത് വരെ ഞങ്ങൾ ശ്വാസം പിടിച്ചുള്ള ആ ഇരിപ്പ് തുടർന്നു.



അടുത്ത ദിവസം അവർ വന്നില്ല. എന്നാൽ അതിനടുത്ത ദിവസം കുട്ടികൾ വീണ്ടുമെത്തി. ഓഫിസിൽ നിന്നു തിരിച്ചെത്തിയ ഞാൻ ഫ്ളാറ്റിലേക്ക് കയറുമ്പോൾ അവർ ഓടി വരികയായിരുന്നു. ഉടനെ ഞാൻ അകത്ത് കയറി വാതിലടച്ചു. പക്ഷെ അവർ വിട്ടില്ല. അങ്കിൾ, അങ്കിൾ.. എന്ന് വിളിച്ചുകൊണ്ടവർ വാതിലിന് മുട്ടി. വാതിൽ തുറക്കാൻ എന്റെ കൈകൾ ഒരാവർത്തി ഉയർന്നെങ്കിലും കന്നിയാത്ര മുടങ്ങിപ്പോവുന്ന കാര്യമോർത്ത് പെട്ടെന്ന് പിന്തിരിഞ്ഞു. പുറത്ത് കുട്ടികൾ ബെല്ലടിയും വാതിലിനുമുട്ടും തുടർന്നു. ഇടക്കിടെ അവർ എന്റെ മോളുടെ പേര് വിളിക്കുന്നുണ്ടായിരുന്നു.

ഷാലൂ... ഞങ്ങളുടെ രോഗം മാറി, ഞങ്ങളുടെ രോഗം മാറി... കളിക്കാൻ വാ... എന്നവർ ഇംഗ്ലീഷിലും ഹിന്ദിയിലും മാറി മാറി വിളിച്ചുപറയുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ ഞാൻ നിന്നു വിയർത്തു. അവസാനം ഞാൻ വാതിൽ തുറക്കാതെ തന്നെ വിളിച്ചു പറഞ്ഞു. ഷാലു ഇവിടെയില്ല, നിങ്ങൾ നാളെ വന്നോളൂ..

കുട്ടികൾ അത് വിശ്വസിച്ചില്ലെന്നുറപ്പാണ്. എങ്കിലും പിന്നീടവർ വാതിലിനു മുട്ടിയില്ല. നിരാശരായി അവർ നടന്നു പോകുന്നതിന്റെ കാലൊച്ച ഞാൻ കേൾക്കുന്നുണ്ടായിരുന്നു. അതൊരു വല്ലാത്ത അസ്വസ്ഥത എന്നിലുണ്ടാക്കി. ഞാൻ സോഫയിലിരുന്ന് താടിരോമങ്ങൾ പറിച്ചെടുത്ത് വലിച്ചെറിഞ്ഞു കൊണ്ടേയിരുന്നു. അതിനടുത്ത രണ്ടു ദിവസങ്ങൾ ഞാൻ കുട്ടികളെയും കൊണ്ട് ബിദാ പാർക്കിൽ പോയതിനാൽ അയൽവാസി കുട്ടികളെ അഭിമുഖീകരിക്കേണ്ടി വന്നില്ല. മൂന്നാം ദിവസം ഓഫിസ് കഴിഞ്ഞ് വീട്ടിലെത്തിയ എന്നോട് ഭാര്യ പറഞ്ഞു: 'അവർ പോയി'

ആര്? ഞാൻ ചോദിച്ചു

'ഹൈദരാബാദി സ്ത്രീയും മക്കളും'

എങ്ങോട്ട്? ഒരു തരം വെപ്രാളത്തോടെയായിരുന്നു എന്റെ ചോദ്യം.

അവർ മടങ്ങിപ്പോവുകയാണ് പോലും. ആ സ്ത്രീ ഇവിടെ വന്നിരുന്നു. അകത്തേക്കൊന്നും കയറിയില്ല. പുറത്തു തന്നെ നിന്ന് അവർ യാത്ര പറഞ്ഞു പിരിഞ്ഞു. മക്കളെവിടെയെന്ന് ചോദിച്ചപ്പോൾ മനപ്പൂർവം കൊണ്ടു വരാതിരുന്നുവെന്നും ഇവിടത്തെ കുട്ടികളെ പിരിയാൻ അവർക്ക് സങ്കടം കാണും എന്നുമൊക്കെയായിരുന്നു മറുപടി. ഒരു പക്ഷെ അവർ കരുതിക്കാണും...

ഭാര്യ പറഞ്ഞത് മുഴുവൻ കേൾക്കാൻ ഞാൻ നിന്നില്ല. 'ഷാലൂ... ഞങ്ങളുടെ രോഗം മാറി... കളിക്കാൻ വാ...' എന്ന ദയനീയമായ ആ സങ്കടം പറച്ചിൽ ഒരു തരം നിലവിളിയായി എന്റെ നെഞ്ചിൽ കിടന്നു പിടക്കുകയായിരുന്നു. ഇന്നും ആ നിലവിളി എന്റെ കാതുകളിലുണ്ട്.

ഈ സംഭവത്തിന് ശേഷം അയൽപക്ക ബന്ധത്തിന്റെ പ്രസക്തിയെ കുറിച്ചും മാനുഷിക ബന്ധങ്ങൾക്കിടയിൽ കാത്തു സൂക്ഷിക്കേണ്ട നന്മയെക്കുറിച്ചുമൊക്കെ എന്റെ മക്കളെ പഠിപ്പിക്കാൻ ഞാൻ പലവട്ടം ശ്രമിച്ചിട്ടുണ്ട്. പക്ഷെ, അവർക്കത് കൃത്യമായും മനസ്സിലായിട്ടുണ്ടോ എന്നറിയില്ല. കാരണം ശാരാ കഹ്റുബയിലെ ആ ഫ്ളാറ്റിൽ നിന്നും മറ്റൊരിടത്തേക്ക് ഞാൻ താമസം മാറിയെങ്കിലും ഇവിടെയും അവർക്ക് അയൽപക്കം അകലം തന്നെയായിരുന്നു. അടുത്ത മുറിയിൽ ആരാണ് താമസമെന്നോ അവർ എവിടത്തു കാരാണെന്നോ ഞങ്ങൾക്ക് പോലുമറിയില്ല. പിന്നെ കുട്ടികൾക്കെങ്ങനെ മനസ്സിലാകും?

ഫ്ളാറ്റുകളിലെ ജീവിതം കുട്ടികൾക്ക് നഷ്ടപ്പെടുത്തുന്നത് അവരുടെ ബാല്യകാല സന്തോഷങ്ങൾ മാത്രമല്ല, സമൂഹത്തിൽ നിന്ന് അവർ പഠിക്കേണ്ട ഒട്ടനവധി കാര്യങ്ങൾ കൂടിയാണ്. ദിവസത്തിന്റെ മഹാഭൂരിപക്ഷവും ചാറ്റിങ്ങിനും കംപ്യൂട്ടർ ഗെയിമിനും മറ്റുമായി ചെലവിടുന്ന കുട്ടികളിൽ നിന്ന് നാം എന്തു തരം സാമൂഹ്യ പ്രതിബദ്ധതയാണ് പ്രതീക്ഷിക്കേണ്ടത്? സാമൂഹിക ബന്ധങ്ങളുടെ ആദ്യപാഠം പഠിക്കേണ്ടത് ട്വിറ്ററിൽ നിന്നോ ഫെയ്സ്ബുക്കിൽ നിന്നോ അല്ല, അയൽപക്കത്തു നിന്നാണ്. മറിച്ചാണെങ്കിൽ തപാൽ വഴി നീന്തൽ പഠിക്കുന്നത് പോലെയായിരിക്കുമത്. വെള്ളം മുങ്ങുമ്പോൾ സ്വയം രക്ഷപ്പെടാനോ മറ്റുള്ളവരെ രക്ഷിക്കാനോ ഇവർക്കാവില്ല.

***വാൽക്കഷ്ണം***

ഈയിടെ പുസ്തക രൂപത്തിൽ പുറത്തിറങ്ങിയ 'അസമയം' എന്ന എന്റെ നോവൽ വായിച്ച ഒരു പ്രവാസി ഇമെയിലിലൂടെ ചോദിച്ചത് ഇങ്ങനെയായിരുന്നു.

താങ്കളുടെ നോവലിലെ റോബിൻ എന്ന കുട്ടിയെ ഇത്ര ഭീകരമായി അവതരിപ്പിക്കാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു. ഈ കുട്ടി എന്നെ പേടിപ്പെടുത്തുന്നു. ഇവിടെ എന്നോടൊപ്പം തന്നെയുള്ള എന്റെ മക്കളൊക്കെയും റോബിന്റെ ചെറിയ പതിപ്പുകളായി മാറുകയാണോ എന്നും ഞാൻ ഭയപ്പെടുന്നു.... ആരെ മാതൃകയാക്കിയാണ് താങ്കൾ റോബിനെ സൃഷ്ടിച്ചെടുത്തത്...?

ഞാൻ മറുപടി പറഞ്ഞു. പതിമൂന്നു വർഷങ്ങൾക്ക് മുമ്പെഴുതിയ നോവലാണത്. അന്ന് റോബിൻ എന്റെ ഒരു ഭാവനാ സൃഷ്ടി മാത്രമായിരുന്നു. ഇന്നിപ്പോൾ അതല്ല; ഒരു പാട് റോബിൻമാരെ ഞാൻ കണ്ടു കഴിഞ്ഞു. അവരുടെ എണ്ണം അതിവേഗം കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു തലമുറയെ ഇങ്ങനെ രൂപം മാറ്റിയതിൽ നിന്ന് എനിക്കും നിങ്ങൾക്കും ഒഴിഞ്ഞു നിൽക്കാനാവുമോ...?